**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 581** **23-02-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരത്ത് താലൂക്ക് വ്യവസായകേന്ദ്രം തുടങ്ങുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് താലൂക്ക് വ്യവസായ കേന്ദ്രം ഇല്ലാത്ത താലൂക്കുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് താലൂക്ക് വ്യവസായ കേന്ദ്രം ഇല്ലാത്ത താലൂക്കുകൾ താഴെ പറയുന്നവയാണ്. ക്രമ നമ്പർ ജില്ല താലൂക്ക് 1 തിരുവനന്തപുരം കാട്ടാക്കട, വർക്കല 2. കൊല്ലം കുന്നത്തൂർ പുനലൂർ 3 പത്തനംതിട്ട കോന്നി, റാന്നി, മല്ലപ്പള്ളി 4 ഇടുക്കി ഇടുക്കി (പൈനാവ്) 5 തൃശ്ശൂർ ചാലക്കുടി, കുന്നംകുളം 6 പാലക്കാട് പട്ടാമ്പി, അട്ടപ്പാടി (അഗളി) 7 മലപ്പുറം കൊണ്ടോട്ടി 8 കോഴിക്കോട് താമരശ്ശേരി 9 വയനാട് സുൽത്താൻ ബത്തേരി 10 കണ്ണൂർ ഇരിട്ടി, പയ്യന്നൂർ 11 കാസർഗോഡ് വെള്ളരിക്കുണ്ട്, മഞ്ചേശ്വരം |
| (ബി) | മഞ്ചേശ്വരത്ത് താലൂക്ക് വ്യവസായകേന്ദ്രം ഓഫീസ് തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | മഞ്ചേശ്വരം ഉൾപ്പെടെ നിലവിൽ വ്യവസായ കേന്ദ്രങ്ങളില്ലാത്ത താലൂക്കുകളിൽ താലൂക്ക് വ്യവസായകേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച പ്രവർത്തി പഠനത്തിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മഞ്ചേശ്വരം താലൂക്ക് വ്യവസായകേന്ദ്രം ഈ വർഷം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ലഭ്യമാക്കുന്ന പ്രവർത്തി പഠന റിപ്പോർട്ടും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് മാത്രമേ ഈ വർഷം മഞ്ചേശ്വരം താലൂക്ക് വ്യവസായകേന്ദ്രം ആരംഭിക്കുന്ന വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ